## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3553

15/07/2015-ൽ മറുപടിക്ക്

## ഓൺലൈൻ മരുന്നുവ്യാപാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഓൺലൈൻ മരുന്നുവ്യാപാരം വ്യാപകമായി നടക്കുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ ; വിശദാംശം അറിയിക്കാമോ ; | എ) ആരോഗ്യത്തിന് ഭീഷണിയായി ഓൺലൈൻ മരുന്നു വ്യാപാരം വ്യാപകമാകുന്നത് സംബന്ധിച്ച പത്ര വാർത്ത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദമായ അന്വേഷണത്തിൽ അലോപ്പതി മരുന്നുകൾ ഒന്നും തന്നെ ഓൺലൈൻ വഴി പ്രാപ്യമാക്കുന്നതായി കണ്ടെത്തിയിട്ടില്ല. ഓൺലൈൻ മരുന്നു വ്യാപാരത്തിനു വേണ്ടിയുള്ള അപേക്ഷകളൊന്നും തന്നെ നാളിതുവരെ വകുപ്പിന് ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് ഓൺലൈൻ മരുന്നു വ്യാപാരം സംബന്ധിച്ച പരാതികളൊന്നും തന്നെ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നിരുന്നാലും ഓൺലൈൻ മരുന്നു വ്യാപാരം സംബന്ധിച്ച പരിശോധന വകുപ്പ് കർശനമാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായ ഇത്തരം വിൽപ്പന ശ്രദ്ധയിൽപ്പെടുന്ന പക്ഷം വകുപ്പ് ആയതിന്മേൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) അംഗീകൃത ഡോക്ടറുടെ കുറിപ്പടിയില്ലാതെ ചികിത്സ നടത്തുന്നത് പൊതുജനാരോഗ്യ രംഗത്ത് പ്രതിസന്ധിയുണ്ടാക്കാനിടയുണ്ടെന്ന കാര്യം | ബി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾക്ക് വിരുദ്ധമായി അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ മരുന്നുകടകളിൽ നിന്നും ഡോക്ടറുടെ കുറിപ്പടി അനിവാര്യമായിട്ടുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുണ്ടോ എന്ന് |

പരിശോധിച്ചിട്ടുണ്ടോ ;

വകുപ്പ് കർശനമായി പരിശോധിക്കുന്നുണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ വകുപ്പ് കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നു.

സി) ഇത്തരം മരുന്നുകൾ മിക്കവയും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാത്തതും ചില മരുന്നുകൾ മാജിക്കൽ റെമഡീസ് നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണെന്ന് കണക്കിലെടുത്ത് ഓൺലൈൻ മരുന്നുവ്യാപാരം നിയന്ത്രിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ ?

സി) ആവശ്യമായ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാതെയും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന അവകാശവാദങ്ങൾ ഉന്നയിച്ച് കൊണ്ടുള്ള പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന ഓൺലൈൻ മരുന്നു വ്യാപാരം സംസ്ഥാനത്ത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ